നടത്തിയിട്ടുള്ളത്. അനദ്ധ്യാപക നിയമനത്തിൽ അംഗപരിമിത സംവരണം ഉറപ്പുവരുത്തുന്നതിനായി പി.എസ്.സി നിഷ്കർഷിക്കുന്ന സംവരണക്രമത്തിൽ നിയമനം നടത്തിവരുന്നു.

(ബി) പ്രസ്തുത രീതി അവലംബിക്കുവാൻ സർവ്വകലാശാല അടിസ്ഥാന മാക്കിയ സർക്കാർ ഉത്തരവ് ഏതാണെന്ന് അറിയിക്കുമോ; വ്യക്തമാക്കുമോ?

സർവ്വകലാശാലയിലെ അദ്ധ്യാപക നിയമനത്തിൽ 31-10-2019-ലെ തീയതിയിലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ. 12/2019/സാ.നീ.വ-ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരവും അനദ്ധ്യാപക നിയമനത്തിൽ കെ.എസ്. & എസ്.എസ്.ആർ. ഭാഗം - II ചട്ടം നമ്പർ 14 പ്രകാരവും നിയമനം നടത്തിവരുന്നു.

പ്രവേശന പരീക്ഷയ്ക്ക് കൂടുതൽ പരീക്ഷാ സെന്ററുകൾ

143 (2863) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021-22 അധ്യയന വർഷത്തെ കേരള എഞ്ചിനീയറിംഗ്, ഫാർമസി എന്നീ കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷയ്ക്ക് കോവിഡിന്റെ സാഹചര്യത്തിൽ കൂടുതൽ പരീക്ഷാ സെന്ററുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിനായി എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

കീം പ്രവേശന പരീക്ഷാ കേന്ദ്രങ്ങൾ സംസ്ഥാനത്തെ ജില്ലാ ആസ്ഥാനങ്ങൾ കേന്ദ്രീകരിച്ചായിരുന്നു മുൻവർഷങ്ങളിൽ തെരഞ്ഞെടുത്തിരുന്നത്. എന്നാൽ കോവിഡ്-19-ന്റെ സാഹചര്യത്തിൽ കീം 2021-ന്റെ പ്രവേശന പരീക്ഷയ്ക്കായി സംസ്ഥാനത്തെ 14 ജില്ലകളിലെ 77 താലൂക്കുകളിലായി 415 പരീക്ഷാകേന്ദ്രങ്ങൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ മുംബൈ, ഡൽഹി, ദുബായ് എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ചും പരീക്ഷാ കേന്ദ്രങ്ങൾ അനുവദിച്ചിട്ടുണ്ട്. കോവിഡ് മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ച് പരീക്ഷ നടത്തണമെന്ന കർശനമായ നിർദ്ദേശം പരീക്ഷാ കേന്ദ്രങ്ങൾക്ക് നൽകിയിട്ടുണ്ട്. പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് വിവിധ സർക്കാർ വകുപ്പുകളുടെ സഹായ സഹകരണവും ഏകോപനവും ഉറപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

സി-ആപ്റ്റ്

144 (2864) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സി-ആപ്റ്റിൽ ലോട്ടറി അച്ചടി വിപുലീകരിക്കുന്നതിന്റെ ഭാഗമായി ഇരുപത് കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുന്നതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

13-6-2019-ലെ സർക്കാർ ഉത്തരവ് ജി.ഒ. (ആർ.ടി.) നമ്പർ 948/2019/ ഉ.വി.വ. പ്രകാരം സി-ആപ്റ്റിന് ലോട്ടറി അച്ചടി വിപുലീകരിക്കുന്നതിനാവശ്യമായ മെഷീനുകൾ വാങ്ങുന്നതിലേയ്ക്കായി 20 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനെത്തുടർന്ന്, സർക്കാർ രൂപീകരിച്ചിട്ടുള്ള ടെണ്ടർ ഇവാല്യൂവേഷൻ കമ്മിറ്റി ലോട്ടറി ടിക്കറ്റ് പ്രിന്റിംഗിനുള്ള മെഷീനുകൾ വാങ്ങുന്നതിലേയ്ക്കായി ഇന്ത്യയിലെയും വിദേശത്തെയും പ്രമുഖ നിർമ്മാതാക്കളും വിതരണക്കാരുമായി ചർച്ച നടത്തുകയും തുടർന്ന് മെഷീൻ വാങ്ങുന്നതിനായി സി-ആപ്റ്റ് താൽപ്പര്യപത്രം ക്ഷണിക്കുകയുമുണ്ടായി. ഇതിൻപ്രകാരം, 5 കമ്പനികൾ നിർദ്ദേശങ്ങൾ സി-ആപ്റ്റിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ ടെണ്ടർ ഇവാല്യൂവേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരിക്കുകയാണ്.

ഡോ. റ്റി. കെ. ആനന്ദി കമ്മിറ്റി റിപ്പോർട്ട്

145 (2865) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-ൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർ നേരിടുന്ന പ്രശ്നങ്ങളെപ്പറ്റി പഠിക്കാൻ നിയോഗിച്ച ഡോ. റ്റി. കെ. ആനന്ദി കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) മേൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ ചുമതലയിലുള്ള അംഗനവാടികളുടെ എണ്ണത്തിന്റെ അനുപാതത്തിൽ മാറ്റം വരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർ നേരിടുന്ന പ്രശ്നങ്ങളെപ്പറ്റി പഠിക്കാൻ ഇത്തരത്തിൽ ഒരു കമ്മിറ്റിയെ സർക്കാർ നിയോഗിച്ച് ഉത്തരവ് നൽകിയിട്ടില്ല.

(സി) നിലവിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ റാങ്ക് ലിസ്റ്റ് പ്രാബല്യത്തിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാലാവധി ഏതുവരെ, എത്രപേർക്ക് നിയമനം നൽകി, എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടതിൽ നടപടി സ്വീകരിക്കാനുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നിലവിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികയിലെ ജനറൽ കാറ്റഗറിയിലെ റാങ്ക് ലിസ്റ്റ് (കാറ്റഗറി നമ്പർ 238/2018, റാങ്ക് ലിസ്റ്റ് നമ്പർ 83/2021/ER XIII തീയതി 23-2-2021) നിലവിലുണ്ട്. പ്രസ്തുത ലിസ്റ്റിന്റെ പരമാവധി കാലാവധി ലിസ്റ്റ് പ്രാബല്യത്തിൽവന്ന തീയതി മുതൽ മൂന്നുവർഷം വരെയാണ്. ടി ലിസ്റ്റിൽനിന്നും നാളിതുവരെ 176 ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ്

LIBRARY ARCHIVES Kerala Legislative Assembly